**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **29-09-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിന് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയുടെ ഉണർവ് ലക്ഷ്യമാക്കി ആസൂത്രണം ചെയ്തപ്രവർത്തനങ്ങളിൽ ഏറ്റവും അധിക ശ്രദ്ധ നൽകിയ പ്രവർത്തനമായിരുന്നു. പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നത്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിലൂടെ ജനകീയമായ ഇടപെടലുകൾ കാര്യക്ഷമമാക്കി വീടുകൾ, വിദ്യാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയവ വഴിയുള്ള പച്ചക്കറി കൃഷി വ്യാപകമാക്കി. ആവശ്യമായ വിത്തുകളും തൈകളും സർക്കാർ ഫാമുകൾ വഴിയും VFPCK വഴിയും, അംഗീകൃത നഴ്സറികൾ വഴിയും കർഷകർക്ക് നല്കി VFPCK വഴി മാത്രം 21.82 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 57.56 ലക്ഷം പച്ചക്കറി തൈകളും 3.77 ലക്ഷംഫലവൃക്ഷ തൈകളും 1.12 ലക്ഷം ടിഷ്യുകൾച്ചർ തൈകളും 1.9 ലക്ഷം സങ്കരയിനം വിത്തു പാക്കറ്റുകളും കർഷകർക്ക് ലഭ്യമാക്കാനായി. തദ്ദേശ ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കാർഷിക സ്വയം പര്യാപ്തത ലക്ഷ്യമാക്കുന്ന കൃഷി സമൃദ്ധി പദ്ധതി, അടുത്ത 5 വർഷത്തിനുള്ളിൽ പച്ചക്കറി ഉല്പാദനത്തിൽ കേരളത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുവാൻ ലക്ഷ്യമിടുന്ന സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം, ഓണം ലക്ഷ്യമാക്കി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്ന ഓണത്തിന് ഒരു മുറം പച്ചക്കറി, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വിവിധ പച്ചക്കറി വികസന പദ്ധതികൾ VFPCK വഴി സ്വാശ്രയ കർഷക സമിതികളെ ശാക്തീകരിച്ച് പച്ചക്കറി മേഖലയിലെ ഇടപെടലുകൾ തുടങ്ങിയവ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയുള്ള ഇടപെടലുകളാണ്. |

| | | | |
|---|---|---|---|
| (ബി) | പച്ചക്കറി ഉല്പാദനത്തിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 2015-16 സാമ്പത്തിക വർഷം കേരളത്തിലെ പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇത് 2021-22 സാമ്പത്തിക വർഷം 16.01 ലക്ഷം മെട്രിക്ക് ടണ്ണായി ഉയർത്തുവാൻ സാദ്ധ്യമായി. 2023-24 – ൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ 19.106 മെട്രിക് ടൺ പച്ചക്കറികളാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ